## III പ്രമേയം

### സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്

9.30.AM] മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, "സഭ നേരത്തെ എടുത്ത തീരുമാനങ്ങളിൽ ഭേദഗതി വരുത്തി ഇന്ന് ചേരുവാൻ നിശ്ചയിച്ചിരുന്ന അപരാഹ്ന സമ്മേളനം വേണ്ടെന്ന് വയ്ക്കാനും ഉപധനാഭ്യർത്ഥനകളുടെയും വോട്ട് ഓൺ അക്കൗണ്ടുകളുടെയും ചർച്ചകൾക്കായി ഓരോ മണിക്കൂർ വീതം സമയം അനുവദിക്കാനും ഇന്ന് അവതരിപ്പിക്കുവാൻ നിശ്ചയിച്ചിരുന്ന രണ്ട് ധനവിനിയോഗ ബില്ലുകളും ചർച്ചകൂടാതെ പരിഗണിക്കാനും സബ്മിഷൻ ഒഴിവാക്കാനും ഈ സഭ തീരുമാനിക്കുന്നു" എന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) : സർ, ഞാൻ ഈ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഇന്ന് ധാരാളം സബ്മിഷനുകൾ അങ്ങ് അനുവദിച്ചിരുന്നു. ഈ പ്രമേയം പാസ്സാക്കിയ സ്ഥിതിക്ക് സബ്മിഷനുകൾ സഭയിൽ വരുന്നില്ല. ആ സബ്മിഷനുവേണ്ടിയുള്ള മറുപടിയെല്ലാം ബന്ധപ്പെട്ട മന്ത്രിമാർ തയ്യാറാക്കിയിട്ടുണ്ട്. അത് ബന്ധപ്പെട്ട അംഗങ്ങൾക്ക് വിതരണം ചെയ്യാനുള്ള ഏർപ്പാട് ചെയ്യാം.

മി. സ്പീക്കർ: അത് നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചുകഴിഞ്ഞാൽ എല്ലാ അംഗങ്ങൾക്കും അയച്ചുകൊടുക്കുന്നതാണ്. മുമ്പ് ഒരുതവണ ഇതുപോലെ ചെയ്തിട്ടുണ്ട്.

## IV അടിയന്തരപ്രമേയം

### സ്വാശ്രയ എഞ്ചിനീയറിംഗ്/മെഡിക്കൽ പ്രവേശനം

മി. സ്പീക്കർ : 50 ശതമാനം മെരിറ്റ് സീറ്റിൽ കുറഞ്ഞ നിരക്കിലുള്ള ഫീസിൽ പഠിക്കാനുള്ള അവസരം വിദ്യാർത്ഥികൾക്ക് നിഷേധിക്കുന്ന
9.30.AM] നിലയിൽ അടുത്തവർഷത്തെ സ്വാശ്രയ എഞ്ചിനീയറിംഗ് മെഡിക്കൽ പ്രവേശനം സംബന്ധിച്ച് സർക്കാരും സ്വാശ്രയ മാനേജുമെന്റുകളും തമ്മിൽ ധാരണയിലെത്തിയിരിക്കുന്നതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതി വിശേഷം സംബന്ധിച്ച് ഇന്നത്തെ സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. എം.എ. ബേബി, മാത്യു റ്റി. തോമസ്, എ. എ. അസീസ്, എ. കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി <u>ശ്രീ. ഉമ്മൻ ചാണ്ടി</u>: സർ, സ്വാശ്രയ എഞ്ചിനീയറിംഗ്/മെഡിക്കൽ

9.30.AM] പ്രവേശനം സംബന്ധിച്ച് സ്വാശ്രയ മാനേജുമെന്റുകളുമായുള്ള ചർച്ചകൾ നടക്കുകയാണ്, ചർച്ചകൾ ഇതുവരെ പൂർത്തിയായിട്ടില്ല. കഴിഞ്ഞ ആറ് വർഷക്കാലവും ചർച്ചകൾ വളരെ നീണ്ടുപോയതുകാരണം അഡ്മിഷനുകൾ വൈകുകയും വളരെയധികം കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിലേക്ക് പഠിക്കാൻ പോവുകയും ചെയ്തു. ആ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഈ വർഷം നേരത്തെ തന്നെ ചർച്ചകൾ നടത്തി തീരുമാനമുണ്ടാക്കാനുള്ള പരിശ്രമത്തിലാണ്. അതിന്റെ അവസാന ഘട്ടത്തിലേക്ക് എത്തിയിട്ടുണ്ട്. സ്വാശ്രയ മെഡിക്കൽ കോളേജുകളുമായുള്ള അവസാനഘട്ട ചർച്ചയ്ക്ക് സമയം ഒരുങ്ങുന്നതേയുള്ളൂ. ഗവൺമെന്റുമായി കരാർ ഒപ്പുവയ്ക്കാതെ മാറിനിന്നിരുന്ന ക്രിസ്ത്യൻ മെഡിക്കൽ/എഞ്ചിനീയറിംഗ് കോളേജ് മാനേജുമെന്റുകളുമായുള്ള ചർച്ചകൾ അതിന്റെ അവസാന ഘട്ടത്തിൽ എത്തിയിരിക്കുകയാണ്. കഴിഞ്ഞ പ്രാവശ്യം ഈ മേഖലയിൽ ഗവൺമെന്റിന് ഒന്നും ചെയ്യാൻ സാധിച്ചില്ല. ഇപ്രാവശ്യം അവരുമായി ചർച്ച ചെയ്ത് 50 ശതമാനം സീറ്റുകളിലേക്ക് ഗവൺമെന്റ് മെറിറ്റ് ലിസ്റ്റിൽ നിന്നും എടുക്കുന്നതിനുവേണ്ടിയുള്ള ധാരണയിലേയ്ക്ക് എത്തിയിട്ടുണ്ട്. ഫീസിന്റെ കാര്യത്തിലും ക്രമാതീതമായ വർദ്ധനവ് വന്നു എന്ന് പറയുന്നത് ശരിയല്ല. പക്ഷ മാനേജ്മെന്റ് ഭാഗത്തുനിന്നും ഒരു ക്ലെയിമുണ്ട്. എ.ഐ.സി.ടി.ഇ. അവരുടെ നോംസ് എല്ലാം മാറ്റി, ഫാക്കൽറ്റിയുടെ ക്വാളിഫിക്കേഷൻസ് ഉയർത്തി, എം.ടെക്. കമ്പൽസറിയാക്കിയിരിക്കുന്നു. ആ സാഹചര്യത്തിൽ അവർക്ക് കൂടുതൽ സാമ്പത്തിക ബാദ്ധ്യത വന്നിരിക്കുന്നു എന്നുള്ളത് കണക്കുകൾ സഹിതം ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്തിയിട്ടുണ്ട്. എപ്പോഴും യാഥാർത്ഥ്യ ബോധത്തോടുകൂടി മാത്രമേ നമുക്ക് പ്രശ്നങ്ങളെ കാണുവാൻ സാധിക്കുകയുള്ളൂ. അതുകൊണ്ട് ക്രമാതീതമായ ഫീസ്‌വർദ്ധനവ് ഉണ്ടാകില്ല, അതേസമയം എ.ഐ.സി.ടി.ഇ. ഇപ്പോൾവച്ചിട്ടുള്ള പുതിയ നോംസിന്റെ അടിസ്ഥാനത്തിൽ വന്ന മാറ്റങ്ങൾക്ക് അനുസരിച്ചുള്ള ഒരു വർദ്ധനവ് ഉണ്ടാകും. കഴിഞ്ഞ കാലങ്ങളിലൊന്നും ഗവൺമെന്റിന്റെ നെറ്റിലേക്ക് കൊണ്ടുവരാൻ സാധിക്കാതിരുന്ന ക്രിസ്ത്യൻ മാനേജുമെന്റുകളെ ഇപ്രാവശ്യം കൊണ്ടുവരുന്നതിനുള്ള ചർച്ചകളിലാണ് ഗവൺമെന്റ് ഇടപെട്ടിരിക്കുന്നത്. അത് പൂർണ്ണമായും വിജയിക്കും എന്ന് വിശ്വസിക്കുന്നു.

<u>ശ്രീ. എം.എ. ബേബി</u>: സർ, വിദ്യാർത്ഥികൾക്ക് കേരളത്തിൽ

9.30.AM] പഠിക്കാനുള്ള സൗകര്യം ഉറപ്പാക്കുവാൻ വേണ്ടി ചർച്ച നേരത്തെ തുടങ്ങുകയാണ് ചെയ്തതെന്ന് മുഖ്യമന്ത്രി പറഞ്ഞു. മുൻ വർഷങ്ങളിലും ചർച്ച നടത്തി തീരുമാനമുണ്ടാവുകയും കേരളത്തിൽ അഡ്മിഷൻ നടക്കുകയും ചെയ്തിട്ടുണ്ടെന്നുള്ളകാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും അറിയാവുന്നതാണ്. ഇന്നത്തെ ഒരു പ്രധാനപ്പെട്ട പത്രത്തിൽ (ദേശാഭിമാനി അല്ല) ആറ് കോളം വാർത്ത വന്നിട്ടുണ്ട്. 'ക്രിസ്ത്യൻ കോളേജുകളുമായി ധാരണ, ഏകീകൃത ഫീസിന് സർക്കാർ സമ്മതിച്ചു'. എന്നതാണ് വാർത്ത. മറ്റ് പല പത്രങ്ങളിലും വാർത്തകൾ വന്നിട്ടുണ്ട്. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ സമയപരിമിതിമൂലം അതെല്ലാം ഞാൻ ഇവിടെ ഉദ്ധരിക്കുന്നില്ല. അൻപത് ശതമാനം സീറ്റിൽ

LIBRARY ARCHIVES Kerala Legislative Assembly

സംവരണതത്വങ്ങളും മെരിറ്റും കൃത്യമായി പാലിച്ച് പ്രവേശനം നടത്തുകയും ബാക്കി അൻപത് ശതമാനം സീറ്റിൽ ഗവൺമെന്റ് ഫീസിലോ മാനേജ്മെന്റ് ഫീസിനേക്കാൾ കുറഞ്ഞ ഫീസിലോ പഠിക്കാൻ വിദ്യാർത്ഥികൾക്ക് അവസരം നൽകുകയും ചെയ്തു, ഇതായിരുന്നു ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഇരുഭാഗത്തുനിന്നും എടുത്തുപോന്നിരുന്ന സമീപനം. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ കാലത്ത് അന്നത്തെ പ്രതിപക്ഷ നേതാവ്, ഇന്നത്തെ ബഹുമാന്യനായ മുഖ്യമന്ത്രി, 50 ശതമാനം കുട്ടികളെ ഗവൺമെന്റ് ഫീസിൽ വേണം പഠിപ്പിക്കാൻ എന്ന് ആവശ്യപ്പെട്ടുകൊണ്ട് എനിക്ക് കത്തയച്ച കാര്യം അദ്ദേഹത്തിന് ഓർമ്മയുണ്ടാകും, അദ്ദേഹത്തിന്റെ ഫയലിൽ അത് സൂക്ഷിച്ചു വച്ചിട്ടുണ്ടാകും. അല്ലെങ്കിൽ അതിന്റെയൊരു കോപ്പി ഞാൻ അങ്ങയ്ക്ക് തരാം. ഇങ്ങനെയൊരു നിലപാടാണ് എടുത്തുപോന്നിരുന്നത്. ഈ അക്കാഡമിക് വർഷത്തിലേക്ക് നടത്തിയ ചർച്ചകൾ ധാരണയിലെത്തിയിരിക്കുന്നു. യഥാർത്ഥത്തിൽ പിറവം ഉപതെരഞ്ഞെടുപ്പിനുമുൻപേതന്നെ ധാരണ ഉണ്ടാക്കിയിട്ട് അതിന്റെ പ്രത്യുപകാരമായി ക്രിസ്ത്യൻ മാനേജ്മെന്റുകൾക്ക് കീഴടങ്ങിയ സമീപനമാണോ യു.ഡി.എഫ്. സ്വീകരിച്ചിട്ടുള്ളത് എന്നത് അദ്ദേഹം വ്യക്തമാക്കണം. തെരഞ്ഞെടുപ്പ് കഴിഞ്ഞ ഉടൻതന്നെ അവരുമായി ഒത്തുതീർപ്പാവുകയാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ ചർച്ച ചെയ്യാനായി ഒരു സർവ്വകക്ഷിയോഗം ചേരുകയുണ്ടായി. സ്വാശ്രയ മേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർവ്വകക്ഷിയോഗത്തിൽ പൊതുവായൊരു ധാരണയിലെത്തിയിട്ടുണ്ടെന്നും ഇനിയും ചർച്ചകൾ നടത്തുമെന്നും പ്രതിപക്ഷനേതാവുമായും മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുമായും ചർച്ച ചെയ്തുകൊണ്ടായിരിക്കും അവസാന തീരുമാനമെടുക്കുക എന്നും സർവ്വ കക്ഷിയോഗത്തിനുശേഷം മുഖ്യമന്ത്രി മാധ്യമങ്ങളോട് പറഞ്ഞതാണ്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഒരു വർഷത്തേയ്ക്കുള്ള കരാർ ഒപ്പിടുകയുണ്ടായി, ഇത് രണ്ടാം വർഷത്തെ കരാറാണ്. കഴിഞ്ഞ വർഷം ക്രിസ്ത്യൻ മാനേജുമെന്റുകളുമായി ഒരു ധാരണയും ഉണ്ടാക്കാൻ സാധിച്ചില്ല. ക്രിസ്ത്യൻ മാനേജ്മെന്റുകളുടെ നാല് മെഡിക്കൽകോളേജുകളിലോ പതിനൊന്ന് എഞ്ചിനീയറിംഗ് കോളേജുകളിലോ ഒറ്റ വിദ്യാർത്ഥിയെപ്പോലും യു.ഡി.എഫ് ഗവൺമെന്റിന് പ്രവേശിപ്പിക്കാൻ കഴിഞ്ഞില്ല. നേരെമറിച്ച്, 2006-ൽ സത്യപ്രതിജ്ഞ ചെയ്ത സഖാവ് വി.എസ്. അച്ചുതാനന്ദൻ ഗവൺമെന്റിന് 2006-ൽത്തന്നെ ഈ നാല് ക്രിസ്ത്യൻ മാനേജ്മെന്റുകളടക്കമുള്ള കോളേജുകളുമായി കരാർ ഒപ്പിട്ടുകൊണ്ട് 50 ശതമാനം സീറ്റിൽ ഗവൺമെന്റ് ഫീസിൽ വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ കഴിഞ്ഞു. പിന്നീട് ആരുടെ പ്രേരണയാലാണ് അവർ എൽ.ഡി.എഫ്. സർക്കാരുമായി സഹകരിക്കാതെപോയതെന്ന് ഞാൻ പറയേണ്ടകാര്യമില്ല. എൽ.ഡി.എഫ്. ഗവൺമെന്റുമായി സഹകരിക്കാതിരിക്കാൻ അവരെ പ്രേരിപ്പിച്ച പ്രധാനപ്പെട്ട ആളുകൾ ആരൊക്കെയാണെന്ന് ഈ നാട്ടിലെ ജനങ്ങൾക്കറിയാം. പക്ഷേ, ഒന്നാമത്തെ വർഷം തന്നെ പുഷ്പഗിരി, കോലഞ്ചേരി, ജൂബിലി, അമല എന്നീ ക്രിസ്ത്യൻ മാനേജ്മെന്റുകൾ എൽ.ഡി.എഫ് ഗവൺമെന്റുമായി കരാറിൽ ഒപ്പിടുകയും അഞ്ച് വർഷവും 12500 രൂപ എന്ന ഗവൺമെന്റ് മെഡിക്കൽ കോളേജിലെ ഫീസ് കൊടുത്ത് അവിടെ കുട്ടികൾ പഠിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

Page 4 of 9

ചെയ്തു. ഇപ്പോഴാണ് അവരുടെ ഹൗസ് സർജൻസി കഴിഞ്ഞ് പുറത്തിറങ്ങുന്നത്. ഇത് നമ്മുടെ ഓർമ്മയിലുള്ള ചരിത്രമാണ്. നിങ്ങൾ ഇവിടെ 50:50 നടപ്പിലാക്കിയോയെന്ന് അന്ന് പ്രതിപക്ഷനേതാവായിരുന്ന ഇന്നത്തെ മുഖ്യമന്ത്രി എഴുന്നേറ്റ് നിന്ന് ചോദിക്കുമായിരുന്നു. എന്താണ് യു.ഡി.എഫ്-ന്റെ കാലത്ത് 50:50 എപ്പോഴെങ്കിലും നടപ്പിലാക്കിയിട്ടുണ്ടോ? യു.ഡി.എഫ്-ന്റെ കാലത്തെ 50:50 എന്നു പറഞ്ഞാൽ 50 ശതമാനം സീറ്റ് വിട്ടുതരും എന്നാൽ ഫീസ് മാനേജ്മെന്റ് ഫീസ് തന്നെയാണ്. എൽ.ഡി.എഫ് ഗവൺമെന്റിന്റെ അഞ്ചു വർഷക്കാലത്താണ് കേരള ചരിത്രത്തിൽ ഒരേയൊരു സന്ദർഭത്തിൽ, ഗവൺമെന്റ് ഫീസിലോ മാനേജ്മെന്റ് ഫീസിനേക്കാൾ കുറഞ്ഞ ഫീസിലോ മെഡിക്കൽ കോളേജുകളിലും എഞ്ചിനീയറിംഗ് കോളേജുകളിലും വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയുമെന്ന ഒരു അവസ്ഥയുണ്ടായത്. ഇത് ഒരു യാഥാർത്ഥ്യമാണ്. യു.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞവർഷം കരാർ ഒപ്പിട്ടല്ലോ, അതിനെ സംബന്ധിച്ച് ഇവിടെ പറഞ്ഞപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും സഭയിൽ പറഞ്ഞതിനെക്കുറിച്ച് ഞാൻ അങ്ങേയ്ക്ക് അവകാശ ലംഘന വിഷയത്തിന് ഒരു നോട്ടീസ് തന്നിട്ടുണ്ട്. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. സഭയിൽ നൽകിയ മറുപടി അനുസരിച്ച് 14,28,00,000 രൂപയാണ് യു.ഡി.എഫ്. ഗവൺമെന്റ് ചുമതല ഏറ്റെടുത്തതിന്റെ ആദ്യവർഷം സ്വകാര്യ സ്വാശ്രയ എഞ്ചിനീയറിംഗ് മാനേജുമെന്റുമായി ഒപ്പിട്ട കരാർ പ്രകാരം നിലവിലിരുന്ന സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് ഫീസിനേക്കാൾ അധികം പിരിക്കാൻ അവർക്ക് അനുവാദം കൊടുത്തത്. ആ വഞ്ചന മൂടിവയ്ക്കാൻ കഴിയുമോ ? അങ്ങനെ ക്രിസ്ത്യൻ മാനേജ്മെന്റുകളുമായി കരാറിൽ ഏർപ്പെടുവാനുള്ള ഒരന്തരീക്ഷം സൃഷ്ടിച്ചു. എൽ.ഡി.എഫ്. ഗവൺമെന്റുമായി കരാറിൽ ഏർപ്പെട്ടിരുന്ന മാനേജ്മെന്റുകളെ കൂടുതൽ ഫീസ് ഈടാക്കാൻ അനുവദിച്ചു. എഞ്ചിനീയറിംഗിന് ഗവൺമെന്റ് സീറ്റിൽ 35,000 രൂപ ഫീസ് ഉണ്ടായിരുന്നത് ഈ ഗവൺമെന്റ് ചുമതല ഏറ്റെടുത്ത വർഷംതന്നെ 25,000 രൂപ കൂടി കൂട്ടി 60,000 രൂപയാക്കി. ഇപ്പോൾ ക്രിസ്ത്യൻ മാനേജ്മെന്റുമായി ഉണ്ടാക്കിയ കരാർ അനുസരിച്ച് എല്ലാ വിദ്യാർത്ഥികളും 75,000 രൂപയാണ് ഒരു വർഷത്തേയ്ക്ക് നൽകേണ്ടത്. ഒരു സെമസ്റ്ററിന് 75,000 രൂപയെന്നാണ് മനോരമ ചാനൽ റിപ്പോർട്ട് ചെയ്തത്. അങ്ങനെയെങ്കിൽ ഒരു വർഷത്തേയ്ക്ക് 1,50,000 രൂപയാകും. ഗവൺമെന്റ് അഡ്മിറ്റ് ചെയ്യുന്ന 50 ശതമാനം സീറ്റിലെ കുട്ടികളും മാനേജ്മെന്റ് ഈടാക്കിക്കൊണ്ടിരുന്ന ഫീസ് നൽകേണ്ട അപമാനകരമായ വഞ്ചനയ്ക്ക് യു.ഡി.എഫ് ഗവൺമെന്റ് കൂട്ടുനിൽക്കുകയാണ്. ക്രിസ്ത്യൻ മെഡിക്കൽ മാനേജ്മെന്റ് ആവശ്യപ്പെടുന്നത് 3,75,000 രൂപയാണ്. ഇത്രയും രൂപ എസ്.സി-എസ്.ടി. വിഭാഗത്തിലെ കുട്ടികൾക്ക് ഗവൺമെന്റ് കൊടുക്കേണ്ടിവരും. എൽ.ഡി.എഫ് . ഗവൺമെന്റിന്റെ കാലത്ത് മുഹമ്മദ് കമ്മിറ്റി തീരുമാനിച്ച 2,50,000 രൂപ എസ്.സി/എസ്.ടി വിദ്യാർത്ഥികൾക്ക് എസ്.സി../എസ്.ടി വകുപ്പ് റീഇമ്പേഴ്സ് ചെയ്തിരുന്നു. 3,75,000 രൂപ ഫീസ് തീരുമാനിച്ചുകഴിഞ്ഞാൽ, ഖജനാവിൽ നിന്ന് 3,75,000 രൂപ എസ്.സി./എസ്.ടി വിദ്യാർത്ഥികൾക്കു വേണ്ടി കൊടുക്കേണ്ടിവരും. അവർക്ക് ചെലവഴിക്കേണ്ട പണം ഇത്തരത്തിൽ ക്രിസ്ത്യൻ

LIBRARY ARCHIVES Kerala Legislative Assembly

Page 5 of 9

മാനേജ്മെന്റുകൾക്ക് ഒരു സമ്മാനപ്പൊതിയായി കൊടുക്കാമെടുത്ത തീരുമാനത്തിന്റെ ഫലമായിട്ടാണോ, പിറവത്ത് ഇവരെല്ലാം കൂട്ടായി നിന്ന് നിങ്ങൾക്ക് പിന്തുണ നൽകിയതെന്ന് കേരളത്തിലെ ജനങ്ങളോട് വിശദീകരിക്കണം. ഈ ഗവൺമെന്റ് സംവരണവും പൊതുമെരിറ്റും അട്ടിമറിച്ചു. ഏറ്റവും ഗുരുതരമായ പ്രശ്നമാണിത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുൾപ്പെടെയുള്ള മന്ത്രിമാരും കേരളത്തിലെ സാമുദായിക സംഘടനാ നേതാക്കന്മാരും ഇതിനെക്കുറിച്ച് പ്രതികരിക്കണം. പിറവത്ത് പോയി യു.ഡി.എഫ്-നെ വിജയിപ്പിക്കണമെന്ന് എൻ.എസ്.എസ്.ന്റേയും എസ്.എൻ.ഡി.പി.യുടെയും നേതാക്കന്മാർ പരസ്യമായി പറഞ്ഞല്ലോ; അതിനെപ്പറ്റി എന്താണ് പറയാനുള്ളത് ? ഈ ഗവൺമെന്റ് കഴിഞ്ഞ വർഷം ഒപ്പിട്ട സ്വാശ്രയ കരാർ പ്രകാരം ജനറൽ മെരിറ്റിലെ സീറ്റുകൾ അട്ടിമറിച്ചിരിക്കുന്നു. ഇനാംദാർ ജഡ്ജ്മെന്റ് പ്രകാരം ന്യൂനപക്ഷ പദവിയുള്ള സ്ഥാപനങ്ങൾ ഗവൺമെന്റിന് സീറ്റ് വിട്ടുകൊടുക്കേണ്ടതില്ല അതിനാൽ ന്യൂനപക്ഷ പദവിയുള്ള സ്ഥാപനങ്ങൾ ഗവൺമെന്റുമായുള്ള കരാറിൽ ഏർപ്പെടാതിരിക്കുന്ന സാഹചര്യം ഒഴിവാക്കാൻ വേണ്ടി അത്തരം സ്ഥാപനങ്ങളിൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട കുട്ടികളെ ഇന്റർസെ മെറ്റ് പ്രകാരം പ്രവേശിപ്പിക്കാമെന്ന ഒരു വ്യവസ്ഥ എൽ.ഡി.എഫ്. ഗവൺമെന്റ് വച്ചു; ന്യൂനപക്ഷ പദവിയുള്ള സ്ഥാപനങ്ങൾക്ക് വച്ച ആ വ്യവസ്ഥ യു.ഡി.എഫ്. ഗവൺമെന്റ് ന്യൂനപക്ഷ പദവിയില്ലാത്ത സ്ഥാപനങ്ങൾക്കെല്ലാം ബാധകമാക്കി. ഈ വഞ്ചനയിലൂടെ മെഡിക്കൽ/ എഞ്ചിനീയറിംഗ് മേഖലയിൽ 22005 സീറ്റുകളാണ് ചുരുങ്ങിയത്. ഈ 22005 സീറ്റിൽ എല്ലാ സമുദായങ്ങളിലുംപെട്ട മെരിറ്റുള്ള കുട്ടികളുടെ സീറ്റുണ്ട്. സംവരണ സീറ്റിൽ പട്ടികജാതി–പട്ടികവർഗ്ഗ വിഭാഗം, മുസ്ലീം- ക്രിസ്ത്യൻ-ഈഴവ-പിന്നോക്ക വിഭാഗം, എസ്.ഐ.യു.സി. ഉൾപ്പെടെയുള്ള നാടാർ പിന്നോക്ക വിഭാഗം-ഇവരുടെയെല്ലാം സീറ്റുകളാണ് യു.ഡി.എഫ് ഗവൺമെൻറ് മാനേജ്മെന്റുകൾക്ക് അടിയറ വച്ചിരിക്കുന്നത്. ഈ വഞ്ചനയ്ക്ക് ആര് മറുപടി പറയും ? ഇന്നത്തെ മാതൃഭൂമി പത്രം ഒരു വാർത്ത കൊടുത്തിട്ടുണ്ട് "വിദ്യാഭ്യാസ വായ്പ നിഷേധിച്ചതിന്റെ പേരിൽ പുറത്താക്കിയത് പൗരാവകാശ ലംഘനം-ഓരോ കാരണങ്ങൾ പറഞ്ഞ് ബാങ്ക് അധികൃതർ അപേക്ഷകൾ തള്ളുന്നു." തുടർന്ന് ഒരു എഞ്ചിനീയറിംഗ് കോളേജ് വിദ്യാർത്ഥി മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിലും പ്രശ്നം അവതരിപ്പിച്ചതായി പറയുന്നു. "മുഖ്യമന്ത്രിയുടെ ഓഫീസ് നേരിട്ട് ആവശ്യപ്പെട്ടിരുന്നുവെങ്കിലും ബാങ്ക് അധികൃതർ വിദ്യാഭ്യാസ വായ്പ നിഷേധിക്കുകയായിരുന്നു." ഒരു ബാങ്ക് വായ്പ നൽകാനുള്ള നിർദ്ദേശം പോലും നടപ്പിലാക്കാൻ കഴിയില്ലെങ്കിൽ എന്തിനാണ് മുഖ്യമന്ത്രി ജനസമ്പർക്ക പരിപാടി നടത്തുന്നത് ? സ്വാശ്രയ മേഖലയിൽ ഏറ്റവും വലിയ വഞ്ചനയാണ് യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടായിരിക്കുന്നത്. ഈ ഗവൺമെന്റ് സ്വകാര്യ സ്വാശ്രയ മാനേജ്മെന്റുകൾക്ക് കീഴടങ്ങിയിരിക്കുന്നു, സംവരണം അട്ടിമറിച്ചിരിക്കുന്നു. അതുകൊണ്ട് അങ്ങ് നിശ്ചയിക്കുന്ന പരിമിതമായ സമയമെടുത്ത് ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ഈ പ്രമേയത്തിന് നോട്ടീസ് കിട്ടിയപ്പോൾ, ഭരണകക്ഷിയും പ്രതിപക്ഷവുമെല്ലാം യോജിച്ച് സഭ നേരത്തെ പിരിയാൻ തീരുമാനിച്ചിട്ടും ഈ

9.50 AM] പ്രശ്നത്തോടുള്ള ആത്മാർത്ഥതകൊണ്ടാണ് ശ്രീ. എം.എ. ബേബി ഈ പ്രശ്നം ഉന്നയിക്കുന്നതെന്ന് ധരിച്ചു. അങ്ങയ്ക്ക് പിറവത്തെ തോൽവിയെക്കുറിച്ച് പറയാനാണ് താൽപ്പര്യമെന്ന് അങ്ങയുടെ അവതരണം കേട്ടപ്പോൾ മനസ്സിലായി. പിറവത്ത് മദ്യമൊഴുക്കിയതുകൊണ്ടാണ് അവിടെ നിങ്ങൾ തോറ്റതെന്നാണ് അങ്ങയുടെ നേതാക്കൾ പറഞ്ഞത്. നേതാക്കന്മാർ പറഞ്ഞ കാരണത്താലല്ല, മറ്റ് ചില കാരണങ്ങളാലാണ് പിറവത്ത് തോറ്റതെന്ന് അങ്ങ് ഇപ്പോൾ പറയുന്നു. ശ്രീ. എം.എ. ബേബി, 5 കൊല്ലക്കാലം ഈ വകുപ്പിന്റെ ചാർജ് വഹിച്ച് സ്വാശ്രയ മേഖലയെ കുളമാക്കിയ അങ്ങയ്ക്ക് മാത്രമേ ഇങ്ങനെ പറയാൻ സാധിക്കുകയുള്ളൂ. അങ്ങ് എസ്.സി.എസ്.റ്റി. വിദ്യാർത്ഥികൾ ക്രിസ്ത്യൻ മാനേജ്മെന്റ് സീറ്റിൽ പഠിക്കുന്നത് സംബന്ധിച്ച് പറഞ്ഞു. അങ്ങ് മന്ത്രിയായിരുന്നപ്പോൾ എസ്.സി./എസ്.റ്റി. സ്റ്റുഡന്റ്സിന് ക്രിസ്ത്യൻ മാനേജ്മെന്റിൽ ഒരു സീറ്റിലെങ്കിലും അഡ്മിഷൻ വാങ്ങിക്കൊടുക്കാൻ സാധിച്ചോ ?

ശ്രീ. എം.എ. ബേബി : .......(മൈക്ക് ഓഫ്)......

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് അതിനുള്ള സമയമില്ല. സാധാരണ സമയം ഇന്നില്ല.

ശ്രീ. ഉമ്മൻ ചാണ്ടി : 2006-ൽ ഞാനായിരുന്നു മുഖ്യമന്ത്രി. അന്ന് ഉണ്ടാക്കിയ ധാരണയുടെ അടിസ്ഥാനത്തിൽ എന്തെങ്കിലും ചെയ്തെങ്കിൽ അത് ക്ലെയിം ചെയ്യണ്ടേ? 2007 മുതൽ ഒരു വിദ്യാർത്ഥിക്കെങ്കിലും അഡ്മിഷൻ വാങ്ങിച്ചു കൊടുക്കാൻ നിങ്ങൾക്ക് സാധിച്ചോ ? ബഹുമാനപ്പെട്ട ബേബി ഇനി എന്തിനാണ് കണ്ണീരൊഴുക്കുന്നത് ? 2007 മുതൽ നിങ്ങൾ അധികാരമൊഴിയുന്നതുവരെയുള്ള കാലയളവിൽ ക്രിസ്ത്യൻ മാനേജ്മെന്റിലെ ഒരു സീറ്റിൽ എസ്.സി./എസ്.റ്റി. വിഭാഗത്തിൽപ്പെട്ട ഒരു വിദ്യാർത്ഥിക്കെങ്കിലും അഡ്മിഷൻ വാങ്ങിച്ചുകൊടുക്കാൻ നിങ്ങൾക്ക് സാധിച്ചോ? അവിടെ അവർ അഡ്മിഷൻ നൽകിയ വിദ്യാർത്ഥികൾക്ക് മൂന്നര ലക്ഷം രൂപ വച്ചാണ് ഫീസ് വാങ്ങിച്ചത്. നിങ്ങൾ അധികാരത്തിലിരിക്കുന്ന സമയത്തും ആ ഫീസ് ഈടാക്കിയതാണ്, ഹൈക്കോടതിയും അംഗീകരിച്ചതാണ്. ഇപ്രാവശ്യം അവർ ഫീസ് 4 ലക്ഷം രൂപയാക്കണമെന്ന് പറഞ്ഞു. അത് സാധിക്കില്ലെന്ന് ഞങ്ങൾ പറഞ്ഞു. പക്ഷെ 3 വർഷങ്ങൾക്കുമുമ്പ് നിങ്ങൾ അധികാരത്തിലിരിക്കുമ്പോൾ നിശ്ചയിച്ചതും ഹൈക്കോടതി അംഗീകരിച്ചതുമായ മൂന്നര ലക്ഷം രൂപയിൽ നിന്ന് 25,000 രൂപ കൂട്ടാൻ സമ്മതിച്ചിട്ടുണ്ട്, അതായത് മൂന്നേമുക്കാൽ ലക്ഷം രൂപ. ബഹുമാനപ്പെട്ട എം.എ. ബേബി, ആ ഓരോ കോളേജിൽ നിന്നും ഗവൺമെന്റ് 40 ലക്ഷം രൂപ തിരിച്ചുവാങ്ങി ഗവൺമെന്റിന്റെ എൻട്രൻസ് ലിസ്റ്റിൽ നിന്ന് എൻട്രൻസ് കമ്മീഷണർ അയച്ചുകൊടുക്കുന്ന വിദ്യാർത്ഥികളിൽ ബി.പി.എൽ.വിഭാഗത്തിൽപ്പെട്ടവർക്കെല്ലാം ഗവൺമെന്റ് ഫീസും low income-ത്തിൽപ്പെട്ടവർക്ക് ഗവൺമെന്റ് നിശ്ചയിക്കുന്ന സൗജന്യവും അനുവദിക്കുന്നതിനായി വിനിയോഗിക്കും. Low income ഗ്രൂപ്പിൽ

LIBRARY ARCHIVES Kerala Legislative Assembly

Page 7 of 9

കൊടുത്തതിനുശേഷവും മിച്ചമുണ്ടെങ്കിൽ ആ തുക ആ കോളേജിലെ ഗവൺമെന്റിന്റെ നിയന്ത്രണത്തിലുള്ള സ്കോളർഷിപ്പ് ഫണ്ടിലേയ്ക്ക്, അടുത്ത വർഷത്തെ വിദ്യാർത്ഥികൾക്ക് കൊടുക്കത്തക്കവിധത്തിൽ ഇടും. കഴിഞ്ഞ അഞ്ച് വർഷക്കാലം ഭരണത്തിലിരുന്നിട്ട് അങ്ങേയ്ക്ക് കൊണ്ടുവരാൻ സാധിക്കാത്തവിധത്തിലുള്ള ഒരു സ്കീമാണ് ഞങ്ങൾ ഇപ്രാവശ്യം കൊണ്ടുവന്നിരിക്കുന്നത്. ഇതെല്ലാം പൂർണ്ണമാണെന്ന് ഞാൻ അവകാശപ്പെടുന്നില്ല. പക്ഷെ given circumstances-ൽ നമുക്ക് ചെയ്യാവുന്നതിൽ best എന്താണോ അത് ചെയ്യും. ഞങ്ങൾ എപ്പോഴും പ്രാക്റ്റിക്കലാണ്, സ്വപ്ന ലോകത്തിലൂടെ നടന്നിട്ട് കാര്യമൊന്നുമില്ല, നമ്മൾ ഒരിടത്തും എത്തുകയില്ല.

ശ്രീ. എം. എ. ബേബി: സർ, സ്വാശ്രയ കോളേജുകളിൽ 50% സീറ്റുകളിൽ ഗവൺമെന്റ് ഫീസിൽ വേണം പഠിപ്പിക്കാനെന്ന് പറഞ്ഞ് എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് അങ്ങ് കത്തെഴുതിയിട്ടുണ്ടോ എന്ന കാര്യം വ്യക്തമാക്കുമോ ?

ശ്രീ. ഉമ്മൻ ചാണ്ടി: ബഹുമാനപ്പെട്ട ബേബി, എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്തല്ല, യു.ഡി.എഫ്. ഗവൺമെന്റിന്റെ ഭരണകാലത്താണ് ഞങ്ങൾ അത് പറഞ്ഞത്. അല്ലാതെ നിങ്ങളുടെ ഭരണകാലത്ത് പ്രതിപക്ഷത്തിരുന്നപ്പോൾ ഞങ്ങളുടെ നിലപാട് മാറ്റിയതല്ല. ശ്രീ. എ. കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഇവിടെ സ്വാശ്രയ കോളേജ് കൊണ്ടുവന്നപ്പോൾ പറഞ്ഞ ആശയമാണ് 50:50എന്നത്. അതായത് രണ്ട് സ്വകാര്യ കോളേജുകൾ = ഒരു ഗവൺമെന്റ് കോളേജ്. ശ്രീ. എ.കെ. ആന്റണിയുടെ കാലത്ത് ആദ്യത്തെ വർഷം അക്ഷരാർത്ഥത്തിൽ അത് നടപ്പിലാക്കി. രണ്ടാമത്തെ വർഷമായപ്പോൾ കോടതിയിൽ കേസായി, നിങ്ങളുടെ സമരമായി, ക്രോസ് സബ്സിഡി പാടില്ലെന്ന് പറഞ്ഞു. Given circumstances-ൽ the best എന്താണോ നമുക്ക് ചെയ്യാൻ സാധിക്കുന്നത് അത് ചെയ്യാനാണ് ഞങ്ങൾ ശ്രമിക്കുന്നത്. ഞങ്ങൾ കൊണ്ടുവന്നിരിക്കുന്ന പരിഷ്ക്കാരങ്ങൾ നിങ്ങളുടെ കാലത്ത് ഒരാൾക്കുംപോലും ചെയ്യാൻ സാധിച്ചിട്ടില്ല. 75,000 രൂപയുടെ ഫീസിനെക്കുറിച്ച് അങ്ങ് പറഞ്ഞു, ശരിയാണ്. പക്ഷേ, 75,000 രൂപ ഫീസ് ഉള്ളപ്പോഴും ബി.പി.എൽ. കുടുംബത്തിൽ നിന്ന് വരുന്നവരിൽനിന്ന് ഗവൺമെന്റ് ഫീസ് മാത്രമായിരിക്കും ഈടാക്കുന്നതെന്ന് പറയുകയാണ്. ഓരോ കോളേജിൽ നിന്നും 3 ലക്ഷം രൂപ വീതം സ്കോളർഷിപ്പ് ഫണ്ട് വാങ്ങിക്കും. ഏതെങ്കിലും കാരണവശാൽ 3 ലക്ഷം രൂപ കൊണ്ട് തികയുന്നില്ലെങ്കിലും ബി.പി.എൽ. കുടുംബങ്ങൾക്ക് മുഴുവൻ ഗവൺമെന്റ് ഫീസായിരിക്കും. ബഹുമാനപ്പെട്ട എം.എ. ബേബി, നിങ്ങൾ അധികാരത്തിലിരുന്ന സമയത്ത് ഈ കാത്തലിക് ഇൻസ്റ്റിറ്റ്യൂഷനുകളിൽ എവിടെയെങ്കിലും ഏതെങ്കിലുമൊരു വിദ്യാർത്ഥിക്ക് ഇതുപോലുള്ളൊരു ആനുകൂല്യം വാങ്ങിച്ചുകൊടുക്കാൻ സാധിച്ചോ? നിങ്ങളുടെ കാലത്തും അവരുടെ ഫീസ് 75,000 രൂപയായിരുന്നു, ഇപ്പോഴും 75,000 രൂപയാണ്. 1 രൂപ പോലും കൂട്ടിയിട്ടില്ല. പക്ഷെ ഞങ്ങൾ ബി.പി.എൽ. കുടുംബങ്ങളെ ഗവൺമെന്റ് ഫീസിലേയ്ക്ക് കൊണ്ടുവന്നു. 3 ലക്ഷം രൂപയിൽ, കൂടുതൽ വരുന്ന തുക ലോ ഇൻകം ഗ്രൂപ്പിന് കുറഞ്ഞ ഫീസ്



LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാൻവേണ്ടി വിനിയോഗിക്കും. നിങ്ങളുമായി കരാർ ഒപ്പുവച്ച എൻജിനീയറിംഗ് കോളേജുകളിൽ 40,000 രൂപയും 65,000 രൂപയുമൊക്കെയാണ് ഫീസ്. 35,000 രൂപ നിങ്ങൾ അംഗീകരിച്ചിരുന്നു. അതിൽ 5,000 രൂപ കൂടി കൂട്ടി 40,000 രൂപയാക്കി. അങ്ങനെ കൂട്ടാനുള്ള കാരണം അങ്ങയ്ക്ക് അറിയാമല്ലോ? എ.ഐ.സി.റ്റി.യു. കഴിഞ്ഞ വർഷം കൊണ്ടുവന്ന പുതിയ നോംസ് കൊണ്ട് ഓരോ എൻജിനീയറിംഗ് കോളേജിനും എത്ര രൂപ അധികബാദ്ധ്യത വരുമെന്ന് അങ്ങയ്ക്ക് അറിയാമല്ലോ? സ്വാശ്രയ കോളേജിന്റെ കാര്യത്തിൽ ഈ ഗവൺമെന്റിന് ഒരു സമീപനമുണ്ട്. ആ സമീപനമനുസരിച്ച് ഒരു കാരണവശാലും വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും ചൂഷണം ചെയ്യാൻ സ്വാശ്രയ കോളേജുകളെ അനുവദിക്കില്ല. നല്ല ഗുണനിലവാരത്തിൽ, നല്ല ഉയർന്ന നിലയിൽ പ്രവർത്തിക്കാൻ സാധിക്കുന്ന resources ആ സ്ഥാപനങ്ങളിൽ നിന്നുമുണ്ടാകണം. ആരെങ്കിലും പാരിറ്റി നടത്തുമോ? പക്ഷേ അവിടെ ലാഭമുണ്ടാക്കാനോ ചൂഷണം ചെയ്യാനോ സമ്മതിക്കില്ല. ആ വ്യക്തമായ ലക്ഷ്യത്തോടുകൂടിയാണ് യു.ഡി.എഫ്. ഈ കാര്യങ്ങളിൽ പ്രവർത്തിച്ചിട്ടുള്ളത്. ഞാൻ ഈ സഭയ്ക്ക് ഉറപ്പുതരുന്നു; ഇന്നത്തെ സാഹചര്യങ്ങളിൽ കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഏറ്റവും മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ, സാധിക്കുന്നത്ര കുറഞ്ഞ ചെലവിൽ കൊണ്ടുവരാൻ വേണ്ടി ഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണ്, അത് ചെയ്യും. ശ്രീ. എ.കെ. ആന്റണി മുഖ്യമന്ത്രിയായിരുന്ന കാലത്താണ് ഈ സ്കീം കൊണ്ടുവന്നത്, അന്ന് മുതൽ തുടങ്ങിയതാണ് സമരവും കേസും തർക്കങ്ങളും വിവാദങ്ങളും. നമ്മുടെ ഉന്നത വിദ്യാഭ്യാസ രംഗവും സാങ്കേതിക വിദ്യാഭ്യാസ രംഗവും ഒരിഞ്ച് മുമ്പോട്ടുപോയിട്ടില്ല. അതുകൊണ്ടാണ് ഇപ്രാവശ്യം വളരെ നേരത്തെ തന്നെ ചർച്ച ചെയ്ത് ഈ പ്രശ്നത്തിൽ തീരുമാനമുണ്ടാക്കിയത്. ഞാൻ ഒരു കാര്യം ഇവിടെ വ്യക്തമാക്കുകയാണ്. ഈ പ്രശ്നത്തിന് ഒരു ശാശ്വത പരിഹാരം ഉണ്ടാക്കിക്കൊണ്ട് ഗവൺമെന്റ് ഈ വർഷം വിദ്യാഭ്യാസരംഗത്ത് ഏറ്റവും സുപ്രധാന തീരുമാനങ്ങളെടുക്കാൻ പോകുകയാണ്. നമുക്ക് വിദ്യാഭ്യാസ രംഗത്ത് വളർച്ച വേണം. കേരളം വിദ്യാഭ്യാസരംഗത്ത് മുന്നിലാണെന്ന് നമ്മൾ അവകാശപ്പെടുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസരംഗത്ത് നമ്മൾ വളരെ പിന്നിലാണ്. മറ്റുള്ള രംഗങ്ങളിലൊക്കെ നമ്മൾ അഭിമാനിക്കുമ്പോഴും ഉന്നത വിദ്യാഭ്യാസ രംഗത്ത്, സാങ്കേതിക വിദ്യാഭ്യാസരംഗത്ത് മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നമ്മൾ വളരെ പിന്നിലാണ്. അതിനുകാരണം നമ്മൾ അടച്ചിട്ട, തുറക്കാത്ത മനസ്സുമായി പല കാര്യങ്ങളും ചർച്ച ചെയ്തുകൊണ്ടിരുന്നതാണ്. നമ്മൾ തത്വങ്ങൾ പറയും, പക്ഷേ നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്ക് വളരാനുള്ള അവസരവും സാഹചര്യവും ഉണ്ടാക്കിക്കൊടുത്തില്ല. ഈ ഗവൺമെന്റിന് വ്യക്തമായ ഒരു കാഴ്ചപ്പാടുണ്ട്. സ്വാശ്രയമേഖലയിലെ ഈ തർക്കങ്ങളും വിവാദങ്ങളും കേസുകളുമെല്ലാം ശാശ്വതമായി പരിഹാരമുണ്ടാക്കുക എന്നതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്, തികഞ്ഞ ആത്മവിശ്വാസമുണ്ട്. ഈ വർഷം ഞങ്ങൾക്ക്അതുപോലെ ഒരു തീരുമാനത്തിലെത്താൻ സാധിക്കും. മാനേജുമെന്റുകൾ ഗവൺമെന്റിന്റെ പൊതുവായ നിർദ്ദേശങ്ങളോട് സഹായകരമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. ഒരാളെയും ചൂഷണം ചെയ്യാൻ അനുവദിക്കില്ല.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പക്ഷേ അവർക്ക് പ്രവർത്തിക്കാനുള്ള അവസരവും സാഹചര്യവും ഉണ്ടാക്കും. വിദ്യാഭ്യാസരംഗത്ത് നമ്മുടെ സാദ്ധ്യതകളും അവസരങ്ങളും പൂർണ്ണമായും പ്രയോജനപ്പെടുത്തുന്ന ഒരു സമീപനം സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. അതുകൊണ്ട് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമില്ല.

മി. സ്പീക്കർ : ശ്രീ എ.കെ. ബാലൻ, പ്ലീസ്, പ്ലീസ് ............ അങ്ങ് പറഞ്ഞോളൂ. ......................എനിക്കെന്താണ് ? എനിക്കൊന്നുമില്ല.

ശ്രീ. എ.കെ. ബാലൻ : സർ, പ്രവേശനം ലഭിക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾ 3,50,000 രൂപ ഫീസായി കൊടുക്കണം. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. ഉമ്മൻ ചാണ്ടി : സർ, ഒരു കാര്യം ഞാൻ പറയുന്നു. എസ്.സി./എസ്.ടി. വിദ്യാർത്ഥികൾക്ക് എത്രയായിരുന്നാലും മുഴുവൻ ഫീസും ഗവൺമെന്റ് കൊടുക്കുന്നതായിരിക്കും. നിങ്ങളുടെ കാലത്ത് ഈ കാത്തലിക്/ക്രിസ്ത്യൻ ഇൻസ്റ്റിറ്റ്യൂഷനുകളിലൊന്നുംതന്നെ ഒരു പൈസയും കൊടുത്തിട്ടില്ല. ഞങ്ങൾ പൈസ കൊടുത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളെ പഠിപ്പിക്കും.

ശ്രീ. എ.കെ. ബാലൻ : സർ, ഞങ്ങൾ കാശ് കൊടുക്കാതെ അവരെ പഠിപ്പിച്ചു. ഇപ്പോഴാണെങ്കിൽ മൂന്നര ലക്ഷം രൂപ കൊടുക്കേണ്ടതായി വരുന്നു.

മി. സ്പീക്കർ: മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

ഒരു കാര്യംകൂടി ചെയറിന് പറയാനുണ്ട്. അങ്ങ് പ്രമേയം അവതരിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ 12.30 മണിക്ക് സഭ നിറുത്തണമെന്ന് പറഞ്ഞു. മണിയിപ്പോൾ 10.05 ആയി. ഒരു മണിക്കൂറാണ് ചർച്ചയ്ക്ക് ചോദിച്ചിരിക്കുന്നത്. രണ്ട് ശ്രദ്ധക്ഷണിക്കലുകളുണ്ട്. ഇന്ന് അവസാനത്തെ ദിവസമായതിനാൽ ചെയറിന് പത്തിരുപത് മിനിട്ട് വേണം. അപ്പോൾ അനുവദിക്കപ്പെട്ട ഓരോ മണിക്കൂറിൽ നിന്നും വെട്ടിക്കുറയ്ക്കേണ്ടി വരും. അംഗങ്ങൾ ദയവുചെയ്തൊന്ന് സഹകരിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. എസ്. അച്യുതാനന്ദൻ) : സർ, ഇന്നത്തെ സാഹചര്യത്തെ സംബന്ധിച്ച് നേരത്തെ മുഖ്യമന്ത്രി പറഞ്ഞതുകൊണ്ടും സ്പീക്കർ അതുസംബന്ധിച്ച് പ്രത്യേകിച്ച് നടപടി ആ നിലയിൽ കൊണ്ടുപോകാൻ ആഗ്രഹിക്കുന്നതുകൊണ്ടും ഒരു ചെറിയ പ്രതിഷേധവും വാക്കൗട്ടും ചെയ്ത് ഉടനെതന്നെ തിരിച്ചുവരാം.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവിന്റെ നേതൃത്വത്തിൽ പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോകുകയും അൽപസമയത്തിനുശേഷം തിരിച്ചെത്തുകയും ചെയ്തു)